പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5043 15-11-2019-ന് മറുപടിയ്ക്ക്

**ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിന് നടപടി**

**ചോദ്യം**

ശ്രീ. വി. പി സജീന്ദ്രൻ

**ഉത്തരം**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി മഴുവന്നൂർ പഞ്ചായത്തിലെ ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിനുള്ള നിവേദനം നൽകിയതിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിനുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് മഴുവന്നൂർ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്തെന്ന് അറിയിക്കുമോ; | (ബി) | ഡി.പി.ആർ തയ്യാറാക്കി വരുന്നു. സ്ഥല പരിശോധനയ്ക്കും ആയതിന്റെ സർവ്വേയ്ക്കും മറ്റു വിശദാംശങ്ങൾക്കുമായി കൂടുതൽ സമയം ആവശ്യമായി വന്നതിനാലാണ് ഡി.പി.ആർ തയ്യാറാക്കാൻ കാലതാമസം നേരിട്ടത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചിറയ്ക്കൽ ചിറയുടെ ആഴം കൂട്ടുന്നതിനുള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത് എന്ന് അറിയിക്കുമോ ? | (സി) | അടിയന്തര പ്രാധാന്യത്തോടെ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ